


വിശകലനം/
ഫഹ്മീ ഹുവൈദി


# ബഹുസ്വരതയെക്കുറിച്ച് ഒരു അന്താരാഷ്ട്ര സമ്മേളനം

**മൊറോക്കോയിലെ** ഫാസ് നഗരത്തിൽ നവംബറിൽ നടന്ന ഒരു അന്താരാഷ്ട്ര കോൺഫറൻസിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. നാഗരികതകളെയും സാംസ്കാരിക ബഹുസ്വരതയെയും കുറിച്ചായിരുന്നു നവംബർ 3 മുതൽ 25 വരെ നടന്ന കോൺഫറൻസ്. വിഷയസംബന്ധമായ ഒരു സുപ്രധാന പ്രഖ്യാപനവും സമ്മേളനത്തിലുണ്ടായി. പക്ഷേ, മാധ്യമശ്രദ്ധ മുഴുവൻ അന്നാപൊളിസിലും ബൈറൂത്തിലുമായതിനാൽ അതിനിടയിൽ ഈ കോൺഫറൻസ് മുങ്ങിപ്പോയി. രാഷ്ട്രീയക്കാരുടെ വർത്തമാനങ്ങൾ മാധ്യമതലക്കെട്ടുകൾ കൈയടക്കിയപ്പോൾ ബുദ്ധിജീവികളുടെയും സാംസ്കാരിക പ്രവർത്തകരുടെയും സംവാദം മൊറോക്കോ പത്രങ്ങളിലൊതുങ്ങി. അതിൽ അസ്വാഭാവികതയില്ല. രാഷ്ട്രീയക്കാരാണല്ലോ ലോകത്തിന്റെ ഗതി നിർണയിക്കുന്നത്. ബുദ്ധിജീവികളാകട്ടെ ചെറിയൊരു വിഭാഗത്തിന്റെ ബുദ്ധിയോടും മനസ്സാക്ഷിയോടുമാണ് സംവദിക്കുന്നത്.

പ്രമുഖ പാശ്ചാത്യ രാജ്യങ്ങളിലെ ഭരണാധികാരികൾ നാഗരികതകൾ തമ്മിലുള്ള സംവാദം പോലുള്ള വിഷയങ്ങളെല്ലാം മറികടന്ന മട്ടാണ്. അവർ പറയുന്നത് മുഴുവൻ കേൾക്കാനും അവരുടെ അഭിപ്രായങ്ങൾ നടപ്പിലാക്കാനും ആളുകളുള്ളപ്പോൾ പിന്നെ സംവാദത്തിന്റെ ആവശ്യമെന്ത്? നന്നെ ചുരുങ്ങിയത് അറബ്-ഇസ്ലാമിക ലോകത്തെങ്കിലും ഇതാണ് അവസ്ഥ. അതിനാൽ അവർ സമ്മർദത്തിന്റെയും തിട്ടൂരത്തിന്റെയും ശൈലിയാണ് അവലംബിക്കുന്നത്. അതേതായാലും, നാഗരികതകൾ തമ്മിലുള്ള സംവാദത്തെക്കുറിച്ചും സാംസ്കാരിക വൈവിധ്യം മാനിക്കപ്പെടുന്നതിനെ

> **ശ്ചാത്യ ഭരണാധികാരികൾ നാഗരികതകൾ തമ്മിലുള്ള സംവാദം പോലുള്ള വിഷയങ്ങളെല്ലാം മറികടന്ന മട്ടാണ്. അവർ പറയുന്നത് മുഴുവൻ കേൾക്കാനും അവരുടെ അഭിപ്രായങ്ങൾ നടപ്പിലാക്കാനും ആളുകളുള്ളപ്പോൾ പിന്നെ സംവാദത്തിന്റെ ആവശ്യമെന്ത്? അതിനാൽ അവർ സമ്മർദത്തിന്റെയും തിട്ടൂരത്തിന്റെയും ശൈലിയാണ് അവലംബിക്കുന്നത്.**

ക്കുറിച്ചും ഇപ്പോഴും സ്വപ്നം കാണുന്ന ഒരു കൂട്ടം മനുഷ്യരെയാണ് ഫാസ് കോൺഫറൻസിൽ കാണാൻ കഴിഞ്ഞത്.

നഗരസഭയുടെ സഹകരണത്തോടെ *മൊറോക്കൻ സെന്റർ ഫോർ സ്ട്രാറ്റജിക് ആന്റ് ഇന്റർനാഷ്നൽ സ്റ്റഡീസ്* ആണ് കോൺഫറൻസ് സംഘടിപ്പിച്ചത്. 36 രാഷ്ട്രങ്ങളിൽനിന്നായി 150 പേർ പങ്കെടുത്തു. അമേരിക്ക, കനഡ, യൂറോപ്യൻ രാജ്യങ്ങൾ, ചില അറബ് രാജ്യങ്ങൾ എന്നിവയുടെ പ്രതിനിധികളാണ് പങ്കെടുത്തവരിലേറെയും. സാംസ്കാരികമായ ശാക്തിക സന്തുലനത്തിന്റെ അഭാവം കോൺഫറൻസിൽ പങ്കെടുക്കാനെത്തിയവരുടെ ലിസ്റ്റിൽനിന്നുതന്നെ വ്യക്തമായിരുന്നു. ഫ്രാൻസിൽനിന്ന് മാത്രം 34 പേർ സമ്മേളനത്തിനെത്തിയപ്പോൾ ആഫ്രിക്കയിൽനിന്ന് ക്ഷണിക്കപ്പെട്ടത് ഒരാൾ മാത്രം- സെനഗലിൽനിന്നുള്ള ഒരു കവി. ലാറ്റിൻ അമേരിക്കയിൽനിന്നും ഇറാനെ ഒഴിച്ചുനിർത്തിയാൽ ഏഷ്യയിൽനിന്നും ആരും പങ്കെടുത്തില്ല. അറബ്-മുസ്ലിം ലോകത്തെ വെല്ലുവിളിക്കുമാറ് പാശ്ചാത്യ നാഗരികത പുലർത്തിവരുന്ന മേധാവിത്വ മനോഭാവത്തെ കുറിച്ച ധാരണയാവാം പ്രാതിനിധ്യത്തിലെ അസന്തുലനത്തിനു പിന്നിൽ. സാമ്പത്തിക ഘടകങ്ങളും അതിൽ പങ്കുവഹിച്ചിട്ടുണ്ടാകാം. ഫ്രഞ്ച് എമ്പസിയാണ് ഇത്രയധികം ഫ്രഞ്ച് സാംസ്കാരിക പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയതെന്ന് അറിയാൻ കഴിഞ്ഞു.

സാമൂഹികവും സാംസ്കാരികവുമായ മൂല്യങ്ങളിലെ വൈവിധ്യം, മതസ്വാതന്ത്ര്യ ബഹുത്വം, വിവിധ സമൂഹങ്ങളിലെ പൊതു മൂല്യങ്ങൾ, നാഗരികതകളുടെ സംഘട്ടനം എന്ന ആശയത്തിന്റെ നിരൂപണം, സാംസ്കാരിക രംഗത്തെ ആഗോളീകരണം തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച സംവാദത്തിനും ചർച്ചക്കും ഇത്തരമൊരു സമ്മേളനത്തിൽ വലിയ പ്രസക്തിയുണ്ട്. പ്രഭാഷണങ്ങളിലേറെയും ഫ്രഞ്ച് ഭാഷയിലായിരുന്നു. മൊറോക്കോയിലെ രണ്ടാം ഭാഷയാണത്. കോൺഫറൻസിൽ പങ്കെടുത്തവരിൽ ചെറുതല്ലാത്തൊരു വിഭാഗത്തിന്റെ മാതൃഭാഷയും. അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും എത്തിയവർ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ സംസാരിച്ചു. ഫ്രഞ്ച് നന്നായി അറിയാത്ത അറബ് പ്രതിനിധികളാകട്ടെ കോൺഫറൻസ് ഹാളിലും പുറത്തുമെല്ലാം അപരിചിതത്വം അനുഭവിച്ചു.

ഇതര മതങ്ങളോടുള്ള ഇസ്ലാമിന്റെ സമീപനം എന്ന വിഷയം അവതരിപ്പിക്കാനാണ് എന്നോട് ആവശ്യപ്പെട്ടിരുന്നത്. ഞാൻ എഴുതിയ രണ്ട് പുസ്തകങ്ങളിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നു. പ്രഭാഷകരുടെ തിരക്കിനിടയിൽ ലഭിച്ച അവസരം സമ്മേളന പ്രമേയമായ 'നാഗരികതകൾ തമ്മിലുള്ള സംവാദ'ത്തെക്കുറിച്ച എന്റെ ചില വീക്ഷണങ്ങൾ സൂചിപ്പിക്കാൻ കൂടി ഞാൻ ഉപയോഗിച്ചു. സംവാദം യാഥാർഥ്യമാക്കുന്നതിൽ ബുദ്ധിജീവികൾക്കും സാംസ്കാരിക പ്രവർത്തകർക്കും വലിയ ബാധ്യതയുണ്ടെന്ന് ഞാൻ പറഞ്ഞു. രാഷ്ട്രീയക്കാർ ശാക്തിക മത്സരങ്ങളിലും അത് സംബന്ധമായ കണക്കുകൂട്ടലുകളിലും മുഴുകുമ്പോൾ, സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സംയുക്തവേദികൾക്ക് രൂപം നൽകി ദൗത്യം നിർവഹിക്കാൻ കഴിയും.

പാശ്ചാത്യ ബുദ്ധിജീവികളുടെ

നിഷ്പക്ഷതയെക്കുറിച്ച് അറബ്-മുസ്‌ലിം ലോകത്ത് സംശയം നിലനിൽക്കുന്നുണ്ടെന്നും ഞാൻ തുറന്നു പറഞ്ഞു. സഹിഷ്ണുതയും സഹവർത്തിത്വവും യാഥാർഥ്യമാക്കാൻ, ഗുരുതരമായ വിവിധ പ്രശ്നങ്ങളിൽ വ്യക്തവും ഉറച്ചതുമായ നിലപാട് വ്യക്തമാക്കേണ്ട ധാർമിക ബാധ്യത ബുദ്ധിജീവികൾക്കുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനും ദാർഫൂറിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കുമെതിരെ ഒറ്റക്കെട്ടായി ശബ്ദമുയർത്തുന്ന ബുദ്ധിജീവികൾ ഇസ്രയേലിന്റെ അധിനിവേശത്തെക്കുറിച്ച് അജ്ഞത നടിക്കുന്നത് മനസ്സിലാക്കാൻ കഴിയാത്തതാണ്. സ്കൂളുകളിലും ഗവൺമെന്റ് ഓഫീസുകളിലും മുസ്‌ലിം സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് വിലക്കി വിവിധ യൂറോപ്യൻ രാജ്യങ്ങൾ പുറപ്പെടുവിച്ച വംശവിവേചനത്തിലധിഷ്ഠിതവും അന്യായവുമായ ഉത്തരവുകളെയും നിയമങ്ങളെയും കുറിച്ചും മുസ്‌ലിംകളെ മൊത്തത്തിലും പള്ളിയിൽ പോവുകയും താടി വളർത്തുകയും ചെയ്യുന്നവരെ വിശേഷിച്ചും കുറ്റവാളികളായി സംശയിക്കുന്നതിനെക്കുറിച്ചും സാംസ്കാരിക ബഹുസ്വരതക്കായി മുദ്രാവാക്യം വിളിക്കുന്ന പാശ്ചാത്യ ബുദ്ധിജീവികൾ മൗനം പാലിക്കുന്നതും ഉൾക്കൊള്ളാനാവുന്നില്ല.

ഇതര മതങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനത്തെക്കുറിച്ച് പ്രതിപാദിക്കവെ, സെപ്റ്റംബർ 11-നു ശേഷം ഈ സമീപനം നിരന്തരം വ്യക്തമാക്കേണ്ട സാഹചര്യമാണുള്ളതെന്ന് ഞാൻ പറഞ്ഞു. വിവിധ മതങ്ങളെ മുസ്‌ലിംകൾ മാനിക്കുന്നു. എന്നാൽ അവയിൽ പലതും ഇസ്‌ലാമിനെ വിശ്വാസപരമായും നാഗരികമായും അംഗീകരിക്കുന്നില്ല. ക്രൈസ്തവ സഭകളും പാശ്ചാത്യ രാജ്യങ്ങളും ഇസ്‌ലാമിനെ ദൈവിക മതമായി അംഗീകരിച്ചിട്ടില്ല. എന്നല്ല, പാശ്ചാത്യ ബുദ്ധിജീവികളിൽ ബഹുഭൂരിഭാഗവും മുസ്‌ലിംകൾക്ക് വ്യത്യസ്തമായ ഒരു നാഗരികതയും സംസ്കാരവുമുണ്ടെന്നും അവയെ മാനിക്കേണ്ടതുണ്ടെന്നും അംഗീകരിക്കാൻ തയാറല്ല. മുഹമ്മദ് നബി(സ)യെക്കുറിച്ച് നാലു തവണ മാത്രമാണ് ഖുർആൻ പരാമർശിക്കുന്നത്. എന്നാൽ യേശുവിനെക്കുറിച്ച് ഇരുപതിലധികവും മോശയെക്കുറിച്ച് നൂറിലധികവും തവണ ഖുർആൻ പ്രതിപാദിക്കുന്നു.

ഇസ്‌ലാം കടന്നുചെന്ന നാടുകളിലെ എല്ലാ സാംസ്കാരിക രൂപങ്ങളെയും അത് നിലനിർത്തി. ഇസ്‌ലാമിക ലോകത്തിന് വശ്യത പകരുന്ന വിശ്വാസാചാരങ്ങളുടെയും മതവിഭാഗങ്ങളുടെയും വൈവിധ്യം ഇക്കാര്യം തെളിയിക്കുന്നു. യസീദികൾ, സാബിഉകൾ, സൗരാഷ്ട്ര മതക്കാർ തുടങ്ങിയ മതവിഭാഗങ്ങളുടെ വിശ്വാസാചാരങ്ങളെ 'മതത്തിൽ ബലാൽക്കാരമില്ലെന്ന' ഖുർആനികാധ്യാപനത്തിനനുസരിച്ച് മുസ്‌ലിംകൾ മാനിച്ചില്ലായിരുന്നെങ്കിൽ നൂറ്റാണ്ടുകൾക്കു ശേഷവും മുസ്‌ലിം സമൂഹങ്ങളുടെ മധ്യത്തിൽ അവർക്ക് അലോസരം കൂടാതെ നിലനിൽക്കാൻ കഴിയുമായിരുന്നില്ല.

സെപ്റ്റംബർ 11-നു ശേഷം ഇക്കാര്യം മുസ്‌ലിംകൾ നിരന്തരം ആവർത്തിക്കുകയാണ്. എന്നിട്ടും മുസ്‌ലിംകളെയും ഇസ്‌ലാമിനെയും കുറിച്ച് പാശ്ചാത്യരുടെ ഉള്ളിൽ പതിഞ്ഞ വാർപ്പുമാതൃക വിശദീകരണം ആവശ്യമായ ചില കാരണങ്ങളാൽ മാറ്റമില്ലാതെ തുടരുന്നു.

സമയപരിമിതി മൂലം വിഷയ സംബന്ധമായ ശീർഷകങ്ങളും ഉപശീർഷകങ്ങളും സൂചിപ്പിക്കാൻ മാത്രമേ എനിക്ക് സാധിച്ചുള്ളൂ. ഇതര മതങ്ങളെക്കുറിച്ച ഇസ്‌ലാമിന്റെ നിലപാട് ആറ് പോയിന്റുകളിൽ സൂചിപ്പിച്ചു: 1) ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കപ്പെട്ട സഹോദരങ്ങളായാണ് ഇസ്‌ലാം മുഴുവൻ മനുഷ്യരെയും കാണുന്നത്. 2) എല്ലാ മനുഷ്യരും മനുഷ്യത്വത്തിന്റെ പേരിൽ ആദരണീയത അർഹിക്കുന്നു. വിശ്വാസാചാരങ്ങളിലുള്ള വ്യത്യാസം അതിന് തടസ്സമല്ല. 3) മനുഷ്യർക്കിടയിലെ വൈവിധ്യവും വൈജാത്യവും പ്രപഞ്ചത്തിലെ ദൈവിക നടപടിക്രമത്തിന്റെ ഭാഗമായാണ് ഇസ്‌ലാം കണക്കാക്കുന്നത്. 4) വിയോജിപ്പിനുള്ള അവകാശം ഇസ്‌ലാം അംഗീകരിക്കുന്നതിലൂടെ അത് നിയമാനുസൃതമാക്കുക കൂടി ചെയ്യുന്നു. 5) ഭിന്ന വീക്ഷണം ആരുടെയും അവകാശങ്ങളിലും ബാധ്യതകളിലും കുറവുവരുത്തുകയില്ല. വിശ്വാസമോ അവിശ്വാസമോ അല്ല; യുദ്ധത്തിനാണോ അതോ സമാധാനത്തിനാണോ വരുന്നത് എന്നതാണ് ബന്ധങ്ങളുടെ മാനദണ്ഡം നിർണയിക്കുന്നത്. 6) സർവ നന്മകളിലും എല്ലാവരുമായും സഹകരിക്കാൻ മുസ്‌ലിംകൾ അനുശാസിക്കപ്പെട്ടിരിക്കുന്നു.

ഞാൻ പറഞ്ഞ കാര്യങ്ങൾ ശ്രോതാക്കളെ തൃപ്തിപ്പെടുത്തിയോ എന്ന് അറിഞ്ഞുകൂടാ. പക്ഷേ, ഒരു കാര്യം നന്നായറിയാം. അതായത്, ഏതു വിഷയത്തെക്കുറിച്ചുമുള്ള ഇസ്‌ലാമിക നിലപാട് വ്യക്തമാക്കി നാം പറയുന്ന കാര്യങ്ങൾക്ക് ഫലമുണ്ടാവണമെങ്കിൽ, നാം അഭിമാനം കൊള്ളുന്ന ഇസ്‌ലാമിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള കർമമാതൃക കാഴ്ചവെക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ■